# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

[www.lfa.kerala.gov.in](http://www.lfa.kerala.gov.in)

# എടവക ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2017-18**


## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
## ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്

**em-dowyd.ksad@kerala.gov.in**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം കെ.എസ്.എ.ഡബ്ല്യു.വൈ.ഡി.പി2-88/2019

കേരള സംസ്ഥാന ഓഡിറ്റ് വ
ജില്ലാ ഓഡിറ്റ് കാര്യാലയം, വ
കൽപ്പറ്റ - 6
ഫോൺ: 04936-2
e-mail:dowyd.ksad@kerala
തിയ്യതി:13/0

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

എടവക ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : എടവക ഗ്രാമപഞ്ചായത്ത് -2017-18 സാമ്പത്തിക വർഷത്തെ ഓഡ റിപ്പോർട്ട് - സംബന്ധിച്ച്.

**********************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം **എട** ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രിക പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്ക ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ 2-2 ഖണ്ഡികയിലേയ്ക്കും ഭാഗം 3 3-4, 3-10 ഖണ്ഡികളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഇൗ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്ര ഖണ്ഡികകളുടെ ഈ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേ യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓ റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എട തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്ക

പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓ പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ ന സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്ര കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമ (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാ ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയേ

ഡെപ്യൂട്ടി ഡയ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരി സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം കെ.എസ്.എ.ഡബ്ല്യു.വൈ.ഡി.പി2-88/2019

തിയ്യതി:13/0

## വയനാട് ജില്ലയിലെ എടവകഗ്രാമപഞ്ചായത്തിന്റെ2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേര ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫ ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ എടവകഗ്രാമപഞ്ചായത്തിന്റെ 2017-18.സാമ്പത വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ട പഞ്ചായത്ത് 15/06/2017 മുതൽ 31/12/2018 തിയ്യതി വരെ വിവിധ ഇനങ്ങളില നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുക നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓ അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തി ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണക്കുറിപ്പുകൾ നൽകിയതി എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓ സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുക ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചാ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേ വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ്

റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്ത കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥ | ശ്രീമതി.വസന്ത. പി.എസ്. ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 24.01.2019മുതൽ 05.02.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.ബിന്ദു. കെ.കെ അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.പി.ഷാജി സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി.ഇന്ദു.കെ.നായർ, ഓഡിറ്റർ |
| | ശ്രീമതി.ടിജി വർഗ്ഗീസ്, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| ഉഷാ വിജയൻ | പ്രസിഡണ്ട് | 01/04/2017-31/03/2018 |
| നജ്മുദ്ദീൻ മൂടമ്പത്ത് | വൈസ് പ്രസിഡണ്ട് | 01/04/2017-31/03/2018 |
| ജിൽസൺ തുപ്പുക്കര | ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | 01/04/2017-31/03/2018 |
| ആഷാ മെജൊ | വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി | 01/04/2017-31/03/2018 |
| ആമിന അവറാൻ | വികസന സ്റ്റാന്റിംഗ് കമ്മിറ്റി | 01/04/2017-31/03/2018 |

(സി) നിർവഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| സെക്രട്ടറി | എം.ആർ പ്രഭാകരൻ | 01/04/2017–30/04/2017<br>01/06/2017-31/08/2017 |
| | വി.കെ ശ്രീകുമാർ | 01/05/2017 -31/05/2017 01/09/2017-21/09/2017 |
| | ഇ.കെ ബാലകൃഷ്ണൻ | 22/09/2017-31/03/2018 |

| | | |
|---|---|---|
| അസി.സെക്രട്ടറി | വി.കെ ശ്രീകുമാർ | 01.04.17 - 31/03/2018 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി ) | ഡോ.സഗീർ എം.ടി | 01.04.2017 -31.03.2018 |
| മെഡിക്കൽഓഫീസർ (ആയുർവേദം) | ഡോ ശ്രീലത എസ് | 01.04.2017 -31.03.2018 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ ഫർസാന വി.കെ | 01.04.2017 -31.03.2018 |
| വെറ്ററിനറി സർജൻ | ഡോ. കെ.എസ് സുനിൽ | 01.04.2017 -31.03.2018 |
| കൃഷി ഓഫീസർ | ശ്രീ.കെ മമ്മൂട്ടി | 01.04.2017 -31.03.2018 |
| ഐ സി ഡി എസ് സൂപ്പർവൈസർ | ശ്രീമതി.ഇ.കെ.ബിന്ദു | 1.04.2017 - 31.03.2018 |
| അസി .എഞ്ചിനീയർ | ശ്രീ.വിനോദ് കെ.എൻ | 01.04.2017 -31.03.2018 |
| ഹെഡ് മിസ്ട്രസ് | ശ്രീമതി.മെഴ്സി ലൂയിസ് | 01.04.2017 -31.03.2018 |
| വി ഇ ഒ | ശ്രീ.സതീഷ് കുമാർ | 01.04.2017 -31.03.2018 |
| ടി.ഇ.ഒ | ശ്രീ. എ.ജി.ഉണ്ണികൃഷ്ണൻ | 01.04.2017 -31.03.2018 |

## ഉള്ളടക്കം


| ക്രമ നം. | വിവരണം | ഖണ്ഡിക |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തൊഴിലുറപ്പുപദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |

| | | |
|---|---|---|
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | ആഭ്യന്തര നിയന്ത്രണം | 1-12 |
| | ഭാഗം -2 | |
| 13 | വാണിജ്യ കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിൽ വസ്തു നികുതി ഇൗടാക്കുന്നു. | 2-1 |
| 14 | സൂപ്പർ മാർക്കറ്റിന് വാണിജ്യകെട്ടിടത്തിന്റെ നിരക്കിൽ നികുതി നിർണ്ണയിച്ചു | 2-2 |
| 15 | പാർക്കിംഗ് ഏരിയയിൽ അനധികൃതമായി നിർമ്മാണം നടത്തുന്നു | 2-3 |
| | ഭാഗം-3 | |
| 16 | വൃദ്ധ ജനങ്ങൾക്ക് കട്ടിൽ വിതരണം(ജനറൽ)-പദ്ധതി പൂർത്തീകരിച്ചില്ല. | 3-1 |
| 17 | പഠനമുറികളിൽ പഠനോപകരണങ്ങൾ വാങ്ങി നൽകൽ ( മേശ , കസേര ) - പദ്ധതി പൂർത്തീകരിച്ചില്ല | 3-2 |
| 18 | വിനിയോഗ വിവരം നൽകിയിട്ടില്ല- 17,45,708 രൂപ തടസ്സപ്പെടുത്തുന്നു . | 3-3 |
| 19 | ആയുർവ്വേദ മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതിയിലെ അപാകതകൾ | 3-4 |
| 20 | ലൈഫ് ഭവന പദ്ധതി - ഓഡിറ്റ് നിരീക്ഷണങ്ങൾ | 3-5 |
| 21 | പ്രവൃത്തിമൂല്യത്തെക്കാൾ കൂടുതൽ തുക ചെലവഴിച്ചതിനാൽ 39599 രൂപയുടെ നഷ്ടം | 3-6 |
| 22 | പ്രോജക്റ്റിന് വിരുദ്ധമായി കെട്ടിടം നിർമ്മിച്ചു.-396313 രൂപയുടെ പാഴ്ചെലവ്. | 3-7 |
| 23 | കുളത്തിങ്കൽ ഭാഗം കുടിവെള്ളപദ്ധതി- നികുതിയും ഗുണഭോക്തൃവിഹിതവും ഈടാക്കാത്തതിനാൽ നഷ്ടം | 3-8 |
| 24 | ചുമതലയിൽപ്പെടാത്ത പ്രവൃത്തി നടപ്പാക്കിയതിലൂടെ | 3-9 |

| | | |
|---|---|---|
| | ഗ്രാമപഞ്ചായത്തിന് നഷ്ടം | |
| 25 | റീഹാബിലിറ്റേഷൻ സെന്റർ നിർമ്മാണം -കെട്ടിടം നിഷ്ക്രിയാസ്തിയായി മാറി. | 3-10 |
| 26 | പൈങ്ങാട്ടിരി പൊതുകുളം നവീകരണം -പദ്ധതി ലക്ഷ്യം കണ്ടില്ല. | 3-11 |
| 27 | ജലസേചനപദ്ധതികൾ റിപ്പയർ -പ്രോജക്ടുകൾ നടപ്പാക്കിയതിൽ അപാകതകൾ | 3-12 |
| 28 | പൊതുമരാമത്ത് പ്രവൃത്തി ഫയലുകൾ -രേഖകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല. | 3-13 |
| 29 | നടപ്പാക്കിയ കണ്ടകർണ്ണൻകൊല്ലി ജലസേചനകനാൽ പൈപ്പ് ലൈൻ നീട്ടൽ-97274 രൂപയുടെ പാഴ്ചെലവ് | 3-14 |
| 30 | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി- | 3-15 |
| | ഭാഗം-4 | |
| 31 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 32 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 33 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 34 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 35 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 36 | ഓഡിറ്റ് റിക്കവറി | 4-6 |
| 37 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 38 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 39 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 40 | സാക്ഷ്യപത്രം | D |


# ഭാഗം -1

# പൊതു അവലോകനം

# പൊതു അവലോകനം

## 1-1 ബജറ്റ്

ബഡ്ജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് കെട്ടിടങ്ങളുടെയും ഭൂമികളുടെ ലിസ്റ്റ്, ട്രേഡേഴ്സ് ലിസ്റ്റ്, സ്ഥാപനങ്ങളുടെ ലിസ്റ്റ് (കേ.പ.രാ.നിയമം വ 205ബി) എന്നിവ തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിങ്ങ് കമ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയതായോ അപ്രകാരം നിക നികുതിയേതര വരവുകളുടെ എസ്റ്റിമേറ്റിന്റെ വാസ്തവികത വരുത്തിയതായോ കാണുന്നില്ല.സെക്രട്ടറി, വിവിധ ഓഫിസ് തലവന് എന്നിവരുടെ യോഗം ചേർന്ന് ബഡ്ജറ്റ് എസ്റ്റിമേറ്റുകൾ തയ്യാറാക്കി അ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന സ്റ്റാൻഡിങ്ങ് കമ്മിറ്റികൾ നൽകുകയും ഇവ അതാത് സ്റ്റാൻഡിങ്ങ് കമ്മിറ്റികൾ പരിശോധിച്ച് , ജനു 15 ന് മുമ്പ് ബഡ്ജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി ധനകാര്യ സ്റ്റാന്റിങ്ങ്കമ്മി നൽകണമെങ്കിലും അപ്രകാരം സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് ഉദ്യോഗ നിർദ്ദേശങ്ങൾ സമർപ്പിച്ചതായോ സ്റ്റാൻഡിംഗ് കമ്മിറ്റികൾ ഇവ പരിശോ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്ക് ബഡ്ജറ്റ് നിർദ്ദേശ സമർപ്പിച്ചിക്കുകയോ ചെയ്തിട്ടില്ല. (കേ.പ.രാ.നിയമം വകുപ്പ് 214(1)).ഇതു ഘടക സ്ഥാപനങ്ങളുടെ ആവശ്യങ്ങൾ പരിഗണിക്കപ്പെടാതെ അനിവാര്യ ചുമതലകളിൽപ്പടുന്ന എല്ലാ മേഖലയിലും ആവശ്യത്തിന് വകയിരുത്താതെയും പോകുന്നു.

ബജറ്റ് 21.02.2017 തിയ്യതിയിലെ 1/17 നമ്പർ തീരുമാന പ്രകാരം അംഗീകര പുതുക്കിയ ബഡ്ജറ്റ് 09/02/2018 തിയ്യതിയിലെ 05/2018(1)-ാം നമ്പർ തീരു പ്രകാരം അംഗീകരിച്ചിട്ടുണ്ട്

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 19.04.2018 | - | - |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 18.06.2018 മുതൽ 19.06.2018 വരെ | കെ.എസ്.എ.ഡബ്ല്യു.വൈ.ഡി-പി2-536/18 തിയ്യതി 26.06.2018 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 43366659/- |

| | |
|---|---|
| വരവ് | 130418110/- |
| ആകെ | 173784769/- |
| ചെലവ് | 120390831/- |
| നീക്കിയിരിപ്പ് | 53393938/- |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് (ACR പ്രകാരം) | ആകെ | ചെലവ് (AFS) പ്രകാരം | നീക്കി ബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 18501274 | 18501274 | 18501274 | |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 1149298 | 1149298 | 690000 | 459298 |
| വികസന ഫണ്ട് (ട്രി.എസ്.പി) | 0 | 14720017 | 14720017 | 12533060 | 2186957 |
| മെയിന്റനൻസ് (റോഡ്) | 0 | 17385475 | 17385475 | 17385475 | 0 |
| മെയിന്റനൻസ് (റോഡിതരം) | 0 | 4347050 | 4347050 | 4347050 | 0 |
| ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 8955808 | 8955808 | 11343631 | 1997976 |
| കെ.എൽ എസ്.ജി.ഡി.പി | 0 | 655017<br>292648 | 655017<br>292648 | 655017<br>292648 | 0(സ്റ്റേറ്റ്)<br>0(സെന്ട്രൽ) |
| ട്രഷറി ഓൺ ഫണ്ട് vpfa I,II | 0 | 0 | 0 | 0 | 0 |
| ട്രഷറി ടി.എസ്.ബി (ജനറൽപർപ്പസ്) | 17171105 | 11335000 | 28506105 | 26826086 | 1680019 |

| | | | | | |
|---|---|---|---|---|---|
| സ്പെഷ്യൽ ടി.എസ്.ബി (ജോയിന്റ് വെൻചർ) | 8 | 2957330 | 2957338 | 2957337 | 1 |
| നല്ലൂർനാട് സർവ്വീസ് കോ. ഓപ്പറേറ്റീവ് ബാങ്ക്(ഇ.എം.എസ്) | 481541 | 19444 | 500985 | 0 | 500985 |
| ഇ പേയ്മെന്റ് SBI | 0 | 122390 | 122390 | 16761 | 105629 |
| തനത് ഫണ്ട് സഹകരണ ബാങ്ക് (MFSCB) | 18927636 | 17819354 | 36746990 | 10320646 | 26426344 |
| കെ.ജി.ബി ലൈഫ് | 0 | 21161232 | 21161232 | 0 | 21161232 |
| കെ.ജി.ബി ബി.എം.സി | 0 | 94981 | 94981 | 83240 | 11741 |
| കെ.ജി.ബി ജലനിധി | 2537696 | 3703021 | 6240717 | 5211827 | 1028890 |
| തൊഴിലുറപ്പ് പദ്ധതി | 121617 | 1933425 | 2055042 | 2043929 | 11113 |
| സിൻഡിക്കേറ്റ് ബാങ്ക് പ്ലാൻ | 1560590 | 1033040 | 2593630 | 2099431 | 494199 |
| കെ.ജി.ബി കോർപ്പസ് ഫണ്ട് | 1017735 | 41209 | 1058944 | 0 | 1058944 |
| എം.എഫ്.എസ്. സി.ബി ദുരിതാശ്വാസ നിധി | 1685 | 5089 | 6774 | 0 | 6774 |

| | | | | | |
|---|---|---|---|---|---|
| സിന്ഡിക്കേറ്റ് ബാങ്ക് തനത് ഫണ്ട് | 1212379 | 668203 | 1880582 | 991795 | 888787 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതി വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത കരി പ്രോജ കളു ശതമാ |
|---|---|---|---|---|---|---|
| 251 | 95200595 | 215 | 76769085 | - | 36 | 85.6 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 121617 | 18240125 | 1946542 | 1935429 | 11113 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 56471567 | 56471567 | 56471567 | 0 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതിക വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| തൊഴിൽരഹിത വേതനം | 2 | 1200 |
| കർഷകത്തൊഴിലാളി പെൻഷൻ | 788 | 9059500 |
| വിധവാപെൻഷൻ | 1163 | 13670800 |
| വാർദ്ധക്യകാലപെൻഷൻ | 1195 | 15309400 |
| വികലാംഗപെൻഷൻ | 363 | 3998300 |

| | | |
|---|---|---|
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 18 | 540000 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരം ക്യാഷ് ബാലൻസ് പരിശോധന സ്ഥാപനത്തിലെ ഉത്തരവാദ ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധന 42815/- (നാൽപത്തി രണ്ടായിരത്തി എണ്ണൂറ്റി പതിനഞ്ച് രൂപ മാത്രം) ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 02/06/2018 മുതൽ 05/06/2018 വരെ | 2017-18 | 01/12/201 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 25/11/2017 മുതൽ 11/12/2017 വരെ | 2013-14 2016-17 | 01/02/2018 |

## 1-11 വാർഷികകണക്കുകളിലെ അപാകതകൾ

ഖണ്ഡിക 1-3 ൽ പരാമർശിച്ച സാക്ഷ്യപത്രവും വാർഷികധന പത്രികയുമായി ബന്ധപ്പെട്ട പരിഹരിക്കുവാൻ അവശേഷിക അപാകതകളും അനുബന്ധമായി ചേർത്തിരിക്കുന്നു.

## 1-12 ആഭ്യന്തര നിയന്ത്രണം

2017-18 വർഷം പഞ്ചായത്ത് നടപ്പാക്കിയ പ്രോജക്ടുകൾ പരിശോധിച്ച ഗുണഭോക്തൃ തെരഞ്ഞെടുപ്പിൽ 1994 ലെ കേരളപഞ്ചായത്ത് രാജ് ( വകുപ്പ് 3, ജി.ഒ.(പി)-220/97/ത.ഭ.വ.2.10.97 എന്നിവ പാലിക്കുന്നില്ല ശ്രദ്ധയിൽപ്പെട്ടു.

ഗ്രാമസഭകൾ മുഖാന്തിരം ആവശ്യമായ പ്രചാരണം നട മുൻഗണനാക്രമത്തിൽ ഓരോ വാർഡുകളിലും മുൻഗണനാ തയ്യാറാക്കി ഗ്രാമപഞ്ചായത്തിന് മൊത്തത്തിൽ ഒരു പ തയ്യാറാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് യോഗത്തിലാണ് പ തയ്യാറാക്കേണ്ടത്. ഗ്രാമപഞ്ചായത്ത് യോഗത്തിൽ പ്രാദേ മാധ്യമപ്രവർത്തകർക്കും പൊതുജനങ്ങൾക്കും പ്രവേശനം നൽകേണ്ടത ഗ്രാമപഞ്ചായത്ത് പഞ്ചായത്ത് തയ്യാറാക്കിയ പട്ടിക കരട

പ്രസിദ്ധീകരിക്കേണ്ടതും കരട് ലിസ്റ്റിൻ മേൽ ലഭിക്കുന്ന ആക്ഷേപ
പരിഗണിച്ച് അന്തിമലിസ്റ്റ് പ്രസിദ്ധീകരിക്കേണ്ടതുമാണ്. എ
ഇത്തരത്തിലുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. പല പദ്ധതികൾ
ആവശ്യത്തിനുള്ള ഗുണഭോക്താക്കളെ കണ്ടെത്താതെയാണ്
വകയിരുത്തിയതും കട്ടിൽ വാങ്ങലുകൾ പോലെയുള്ള പദ്ധതി
നടപ്പാക്കിയതും. ആയതിനാൽ തന്നെ വാങ്ങിയ കട്ടിലുകൾ വിതര
ചെയ്യാനായിട്ടില്ല.

പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണസംവിധാനം ഫലപ്രദ
നടക്കുന്നില്ല. ഇൻക്രിമെന്റ് രജിസ്റ്റർ എഴുതിസൂക്ഷിക്കുന്നില്ല. അ
രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. 2017-18 സാമ്പത്തികവ
പഞ്ചായത്ത് വാങ്ങിയ പല ആസ്തികളുടെയും വിവരം ആസ്തി രജിസ്റ്റ
ചേർത്തിട്ടില്ല. എസ്.എസ്.എ മുഖേനയും മറ്റും സ്കൂളുകളിൽ നടത്തിയി
നിർമ്മാണ പ്രവൃത്തികളുടെ വിവരങ്ങൾ, നിർവഹണ ഉദ്യോഗ
സമാഹരിക്കുന്ന ആസ്തികളുടെ വിവരങ്ങൾ എന്നിവ ചേർക്കുന്നില്ല.
നിർവഹണോദ്യോഗസ്ഥരും TR 7A ക്യാഷ്ബുക്ക് സൂക്ഷിക്കുന്നില്ല. വർക്ക
ഗ്രൂപ്പുകൾ പദ്ധതിനടത്തിപ്പ് മോണിട്ടർ ചെയ്യുന്നില്ല.വർക്കിംഗ് ഗ്രൂപ്പ
പദ്ധതികൾ ചർച്ച ചെയ്യുന്നതല്ലാതെ പദ്ധതികളുടെ ജയപരാജയ
വിലയിരുത്തുന്നില്ല.

പർച്ചേസിംഗ് കമ്മിറ്റി, സ്റ്റാൻഡിംഗ് കമ്മിറ്റി മിനുട്സുകൾ പ്രിന്റ് എട
ഒട്ടിക്കുന്ന രീതിയാണ് നിലവിൽ പിൻതുടരുന്നത്.മിനുട്സുകൾ എ
സൂക്ഷിക്കുകയോ, പ്രിന്റ് എടുത്ത് ബൈൻഡ് ചെയ്തു സൂക്ഷിക്കുക
ചെയ്യാതെ പ്രിന്റ് എടുത്ത് മിനുട്സ് ബുക്കിൽ ഒട്ടിക്കുന്ന രീതി ശരിയല്ല.
വിഷയങ്ങളിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡി നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

<u>വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

### 2-1 വാണിജ്യ കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിൽ നികുതി ഈടാക്കുന്നു

2011 ലെ കേരള പഞ്ചായത്ത് രാജ് ( വസ്തു നികുതിയും ----സർചാർജ
ചട്ടങ്ങളിൽ ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ഒരേ സമയം വ്യ
ഉപയോഗ ക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ അതത് കെട്ടിടഭാഗ
വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി കെട്ടിട നമ്പർ നൽകേണ്ടതും ഒ
കെട്ടിടത്തിനും ഈ ചട്ടങ്ങൾ പ്രകാരം വസ്തു നികുതി ചുമത്തേണ്ടതു
എന്നാണ് നിഷ്കർഷിക്കുന്നത് ( പ്രകാരം 3(5) , ചട്ടം 4 (1) എന്നിവ കാണുക ). എന

പഞ്ചായത്തിലെ 100ച.മീ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങ കെട്ടിടങ്ങളുടെ ആകെ വിസ്തീർണ്ണത്തിനു പകരം ഓരോ റൂമുകളുട വിസ്തീർണ്ണത്തിനനുസരിച്ച് നികുതി നിർണ്ണയിക്കുന്നതിനാൽ നി നിർണ്ണയത്തിൽ കുറവ് സംഭവിക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ വിജ്ഞാപന പ്രകാരം 100 ചതുരശ്ര മീറ്റർ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ 40 രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണ വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 60 നിരക്കിലുമാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ ചട്ടം 4 (1) പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്കല്ലാതെ ഉപയോഗിക കെട്ടിടങ്ങളിലെ വിവിധ റൂമുകൾക്ക് വ്യത്യസ്ത നമ്പർ നൽകി വെ കെട്ടിടങ്ങളായി കണക്കാക്കിയാണ് നികുതി നിർണയിക്കുന്നത്. ഇതു കാ എല്ലാ വാണിജ്യ കെട്ടിടങ്ങൾക്കും 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണ വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിലേ നി പിരിക്കുന്നുള്ളൂ. (സഞ്ചയ സോഫ്റ്റ്‌വെയർ ഫോറം -6 പ്രകാരം നി നിർണ്ണയിച്ചതിന്റെ വിവരങ്ങളാണ് താഴെ കൊടുക്കുന്നത് ) .

( മേൽ ചട്ട പ്രകാരം കെട്ടിടത്തിന്റെ വസ്തു നികുതി കണക്കാക്കുന്നത് പറയും പ്രകാരമാണ് . വാർഷിക വസ്തുനികുതി = കെട്ടിടത്തിന്റെ തറ വിസ്തീ X അടിസ്ഥാന വസ്തുനികുതി നിരക്ക്+ വസ്തുനികുതിയിലെ വർദ്ധന വസ്തുനികുതിയിലെ ഇളവ് . )

| ക്രമ നം | കെട്ടിട ഉടമയുടെ പേര് | കെട്ടിട നം / തറ വിസ്തീർണ്ണം | നിർണ്ണയിച്ച വസ്തുനികുതി | നിർണ്ണയി ക്കേണ്ട വസ്തുനികുതി | വ്യത്യാസ |
|---|---|---|---|---|---|
| 1 | അബ്ദുള്ള, കനിങ്ങാരത്ത് .<br>പൂർത്തീകരണ തീയതി -<br>22/4/2017 | 12/781 എ-ജി<br>ഒന്നാം നില – 112.97 ച.മീ<br>പ്രഥമം<br>, 5 m റോഡ് | ഒന്നാം നില - 112.97<br>BT- 5429<br>LC -276<br>ആകെ = 5705 | ഒന്നാം നില<br>112.97 X 60 + 20 % വർദ്ധനവ് = 8134<br>LC = 407<br>ആകെ = 8541 | BT- 2705<br>LC -131 |
| 2 | മൊയ്തു.ടി .സി ,<br>പൂർത്തികരണ തിയതി -<br>27.02.2018 | 12/1075/എ,ബി<br>ആകെ വിസ്തീർണ്ണം - 372.78 ച.മി ,<br>വാണിജ്യാവശ്യ ത്തിന് - 122.3 ച.മി | രണ്ടാം നില 122.23 ച.മീ<br>BT- 5081<br>LC -242<br>ആകെ = 5323 | രണ്ടാം നില<br>122.3 X 60 + 20 % വർദ്ധനവ് = 8806<br>LC = 441<br>ആകെ = 9247 | BT- 3725<br>LC -199 |

| | | | | | |
|---|---|---|---|---|---|
| | | പ്രഥമം, 5 m റോഡ് | | | |
| 3 | മുഹമ്മദാലി വാഴയിൽ ,<br><br>അബ്ദുള്ള വാഴയിൽ ,<br><br>പൂർത്തീകരണ തീയതി -<br><br>24.5.2016 | 12/303ഡി , ഇ<br><br>ആകെ - താഴത്തെ നില – 58 ച.മീ ,<br><br>ഒന്നാം നില – 58 ച.മീ<br><br>പ്രഥമം<br><br>, 5 m റോഡ് | താഴത്തെ നില -<br><br>BT+LC2778+133<br><br>= 2911<br><br>ഒന്നാം നില<br><br>BT+LC 2778+133<br><br>= 2911<br><br>ആകെ =BT+LC 5556+266 | താഴത്തെ നില<br><br>58 X 60 + 20 % വർദ്ധനവ് = 4176<br><br>LC = 209<br><br>ഒന്നാം നില<br><br>( 58 X 60 + 20 % വർദ്ധനവ് ) 95/100 = 3967<br><br>LC = 199<br><br>ആകെ = BT8143<br><br>LC408 | BT- 2587<br><br>LC -142 |
| 4 | അബ്ദുൾ നാസർ , അമ്പലപ്പറമ്പത്ത് , പൂർത്തീകരണ തീയതി - 30.04.2016 | തറനില 63.05 ച.മീ,<br><br>12/313എ, ബി<br><br>ഒന്നാംനില -<br><br>120.01 ച.മീ<br><br>12/313 സി, ഡി,ഇ<br><br>പ്രഥമം , 5 m റോഡ് | തറനില – BT+LC =1563+75 ,<br><br>BT+LC=1553+74<br><br>ആകെ - BT+LC= 3116+149<br><br>ഒന്നാംനില<br><br>BT+LC=1438+69<br><br>1916+92<br><br>BT+LC =2394+114<br><br>ആകെ BT+LC- | തറനില<br><br>63.05 X 60 + 20 % വർദ്ധനവ് = 4540<br><br>LC = 227<br><br>ആകെ = 4767<br><br>ഒന്നാം നില<br><br>( 120.01X 60 + 20 % വർദ്ധനവ് ) 95/100 = 6841<br><br>LC = 342<br><br>ആകെBT+LC = 11381 +569 = | BT- 2517<br><br>LC -145 |

| | | | | | |
|---|---|---|---|---|---|
| | | | 5748+275<br>ആകെBT+LC- 8864+424<br>= 9288 | 11950 | |
| | | | | ആകെ | BT- 11534<br>LC -617 |

ചട്ട വിരുദ്ധമായി നികുതി നിർണ്ണയിച്ചതിന് വിശദീകരണവും, അ വിവരങ്ങൾ ഉണ്ടെങ്കിൽ ആയതും ഓഡിറ്റിന് ഹാജരാക്കാനാവശ്യപ്പെട്ട (ഓഡിറ്റ് എൻക്വയറി 13/17-18/04.02.2019) വസ്തുനികുതി പുനർനിർണ്ണയിച്ച് ഈട അറിയിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. അല്ലാത്ത പ ഉത്തരവാദികളായ ഉദ്യോഗസ്ഥനിൽ നിന്നും ഇൗടാക്കുന്നതിന് ചാ നടപടികൾ സ്വീകരിക്കുന്നതാണ്.

## 2-2 സൂപ്പർ മാർക്കറ്റിന് വാണിജ്യകെട്ടിടത്തിന്റെ നിരക്കിൽ നികുതി നിർണ്ണയിച്ചു

പഞ്ചായത്തിലെ 12-ാം വാർഡിൽ ശ്രീ മൊയ്തു , ശ്രീമതി സ എന്നിവരുടെ ഉടമസ്ഥതയിലുള്ള 537.59 ച.മീ വിസ്തീർണ്ണ കെട്ടിടങ്ങൾക്ക് 798 ഇ മുതൽ എച്ച് വരെയും , 799 എ മുതൽ ജി വരെയും ജെ നമ്പറും നൽകിയിട്ടുണ്ട് . ടി കെട്ടിടങ്ങൾക്ക് 100 ച.മീ വിസ്തീർണ്ണത മുകളിൽ വിസ്തീർണ്ണമുള്ള കെട്ടിടത്തിന് ബാധകമായ നിരക്കില നികുതി നിർണ്ണയിച്ചിട്ടുള്ളത് .( ചതുരശ്ര മീറ്ററിന് 60 രൂപ നിരക്കിൽ ) . 20 ഓഡിറ്റിന്റെ ഭാഗമായി 02.02.2019 നടത്തിയ സ്ഥലപരിശോധനയിൽ പ്ര കെട്ടിടത്തിൽ സൂപ്പർ മാർക്കറ്റാണ് പ്രവർത്തിക്കുന്നത് . 200 . വിസ്തീർണ്ണത്തിൽ കൂടുതൽ ഉള്ള കെട്ടിടങ്ങൾക്ക് ച.മീ ന് 70 നിരക്കിലാണ് വസ്തുനികുതി നിർണ്ണയിക്കേണ്ടത് . ടി കെട്ടിടത്തി നികുതി പുനർ നിർണ്ണയിച്ചതിന്റെയും മറ്റ് അധിക വിവരങ്ങ ഉണ്ടെങ്കിൽ ആയതും ഓഡിറ്റിന് ഹാജരാക്കാനാവശ്യപ്പെട്ടതിന് ( ഓ എൻക്വയറി 14 /17-18/04.02.2019 ) പൂർത്തീകരണ സാക്ഷ്യപത്രത്തോടെ സമർപ്പിച്ച അപേക്ഷയിൽ ടി കെട്ടിടങ്ങൾ വാണിജ്യാവശ്യത ഉപയോഗിക്കുന്നതിനാണെന്ന് വ്യക്തമാക്കിയതിനാലാണ് 60 രൂപ നിരക നികുതി നിർണ്ണയിച്ചതെന്നും 70 രൂപ നിരക്കിൽ നികുതി പുനർനിർണ്ണ

അറിയിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട് . നി
പുനർനിർണ്ണയിച്ച് അറിയിക്കേണ്ടതാണ് . അല്ലാത്ത പക്ഷം
ഈൗടാക്കുന്നതിന് തുടർ നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

## 2-3 പാർക്കിംഗ് ഏരിയയിൽ അനധികൃതമായി നിർമ്മാണം നടത്തുന്നു

2017-18 ഓഡിറ്റിന്റെ ഭാഗമായി 02.02.2019 ൽ നടത
സ്ഥലപരിശോധനയിൽ തൻവർഷം നിർമ്മാണം പൂർത്തീകരിച്ച് നമ്പ
നൽകിയ കെട്ടിടങ്ങളുടെ പാർക്കിംഗ് ഏരിയയിൽ അനധികൃതമ
നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതായി / നടത്തിയതായി കണ്ടു .

1) പഞ്ചായത്തിലെ 12-ാം വാർഡിൽ ശ്രീ മൊയ്തു , ശ്രീമതി സു
എന്നിവരുടെ ഉടമസ്ഥതയിലുള്ള 537.59 ച.മീ വിസ്തീർണ്ണമുള്ള ഇരു
കെട്ടിടത്തിന് 798 ഇ മുതൽ എച്ച് വരെയും , 799 എ മുതൽ ജി വരെയും , 79
നമ്പറും നൽകിയിട്ടുണ്ട് . ടി കെട്ടിടത്തിന്റെ മുൻഭാഗത്ത് ബിൽഡ
പെർമ്മിറ്റിലും , കംപ്ലീഷൻ പ്ലാനിലും കാണിച്ചിട്ടില്ലാത്ത 1.5
ഏരിയയുള്ള നിർമ്മാണം കൂട്ടിച്ചേർത്തതായും , പാർക്കിംഗ് ഏരിയ
കംപ്ലീഷൻ പ്ലാനിൽ കാണിച്ചിരിക്കുന്ന ഭാഗം കമ്പിവല കെട്ടി തി
കച്ചവടം ചെയ്യുന്നതായും കണ്ടു .

2)പഞ്ചായത്തിലെ 12-ാം വാർഡിൽ ശ്രീ അലവി കെ.സി , ശ്രീ ഫ
കെ.സി എന്നിവരുടെ ഉടമസ്ഥതയിലുള്ള 718.58 ച.മീ വിസ്തീർണ്ണ
സെല്ലാർ ഉൾപ്പെടെ മൂന്ന് നില കെട്ടിടത്തിന് 10/4 എ മുതൽ ഡി വരെ
നമ്പർ നൽകിയിട്ടുണ്ട് . പാർക്കിംഗ് ഏരിയയായി കാണിച്ചിരിക്കു
സെല്ലാറിലെ 359..29 ച.മീ ഭാഗമാണ് . പ്രസ്തുത കെട്ടിടത്തിന് 6 ഫോർവ
പാർക്കിംഗ് , 6 ടു വീലർ പാർക്കിംഗ് എന്നിവ ആവശ്യമാണ്. നില
പാർക്കിംഗ് ഏരിയയിൽ കെട്ടിടത്തിന്റെ വലതുഭാഗത്ത് 76.76 ച.മീ
റൂമുകളായി തിരിക്കുകയും , അവശേഷിക്കുന്ന ഭാഗം തറകെട്ടുക
ചെയ്തിട്ടുണ്ട് . വാഹനങ്ങൾ പാർക്കിംഗ് ഏരിയയിൽ പാർക്കു ചെ
സാധിക്കാത്ത അവസ്ഥയാണുള്ളത് .

പ്രസ്തുത വിഷയം പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയതി
കെട്ടിടങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുന്നതാണെന്ന് എ
മീറ്റിംഗിൽ മറുപടി നൽകിയിട്ടുണ്ട് . തുടർ നടപടികളുെട വിശദാംശ
അറിയിക്കേണ്ടതാണ് .

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വൃദ്ധ ജനങ്ങൾക്ക് കട്ടിൽ വിതരണം(ജനറൽ)-പദ്ധതി പൂർത്തീകരിച്ചില്ല.

പ്രോജക്ക് നമ്പർ- 184/18

പ്രോജക്ടിന്റെ പേര്- വൃദ്ധ ജനങ്ങൾക്ക് കട്ടിൽ വിതരണം(ജനറൽ)

അടങ്കൽ- ₹17,14,000

ചെലവഴിച്ച തുക - ₹ 17,13,695/-

ട്രഷറി ബിൽ നമ്പർ/തീയതി-05/17-26/12/18

നിർവ്വഹണം -മെഡിക്കൽ ഓഫീസർ, പി എച്ച് സി.

2017-18 വർഷം 60 വയസ്സ് കഴിഞ്ഞ ദാരിദ്ര്യ രേഖക്ക് താഴെ വൃദ്ധജനങ്ങൽക്ക് കട്ടിൽ വിതരണം നടത്തുന്നതിന് 27/01/2018 തിയ്യതിയ 1/18(4) നം ഭരണസമിതി തീരുമാനപ്രകാരം ആർട്ട്കോ കോഴിക്കോട് കട്ടിലുകൾ വാങ്ങി. യൂണിറ്റ് കോസ്റ്റ് 4350/-രൂപ തോതിൽ 394 കട്ടില വാങ്ങുകയും ചെയ്തിട്ടുണ്ട്.എന്നാൽ ഗുണഭോക്താക്ക അപേക്ഷ,വയസ്,വരുമാനം എന്നിവ തെളിയിക്കുന്ന രേഖകൾ ഓഡ് ഹാജരാക്കിയിട്ടില്ല.തന്മൂലം പദ്ധതി വിഭാവനം ചെയ്തതുപോലെ ദാ രേഖയ്ക്ക് താഴെയുള്ള 60 വയസ്സ് കഴിഞ്ഞവർക്കു തന്നെയാണോ ക വിതരണം നടത്തിയതെന്ന് പരിശോധിച്ചുറപ്പു വരുത്താൻ കഴിഞ്ഞി 04/02/2018 തിയ്യതിയിൽ നടത്തിയ സ്ഥല പരിശോധനയിലും സ്റ്റോക്ക് രജ പ്രകാരവും 9 കട്ടിലുകൾ വിതരണം ചെയ്തിട്ടില്ല എന്ന് കണ്ടെത കഴിഞ്ഞു.ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 18,തീയ്യതി .04.02.2019) മറുപടിയായി ഗ്രാമസഭയിൽ തെരഞ്ഞെട ഭരണസമിതി അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് ഇല്ലാത്തതു കൊണ് കട്ടിലുകൾ വിതരണം നടത്താൻ കഴിയാത്തതെന്നും ഭരണ സമ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് ഹാജരാക്കുന്നമുറക്ക് കട്ടില വിതരണം നടത്തി അറിയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ കട്ടിലുകൾ വിതരണം നടത്തേണ്ടിയിരുന്നിടത്ത് 380 പേരുള്ള ഗുണഭോ ലിസ്റ്റ് മാത്രമേ പ്രാരംഭ ഘട്ടത്തിൽ ഭരണസമ നൽകിയിരുന്നുള്ളൂ.ഗുണഭോക്താക്കളെ കണ്ടെത്താതെ കട്ടില വാങ്ങിയതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ വിശദീകരണം നൽകേണ്ടത വിതരണം ചെയ്യാതെ അവശേഷിക്കുന്ന 9 കട്ടിലുകളിടെ വിലയായ 3 രൂപ നിരാകരിക്കുന്നു. ഗുണഭോക്താക്കളുടെ അപേക്ഷ,വയസ്,വരുമ

എന്നിവ തെളിയിക്കുന്ന രേഖകൾ ഓഡിറ്റിന് ഹാജരാക്കാത്തതി ബാക്കി തുകയായ16,74,545/-രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-2 പഠനമുറികളിൽ പഠനോപകരണങ്ങൾ വാങ്ങി നൽകൽ ( , കസേര ) - പദ്ധതി പൂർത്തീകരിച്ചില്ല

അടങ്കൽ - 98500/- ( പൊതുവിഭാഗം , ജനറൽ )

ചെലവ് - 76770/- ( ബിൽ നമ്പർ - 7/17-18/26.03.2018 )

പഞ്ചായത്തിലെ സ്ഥിരതാമസക്കാരായ പഞ്ചായത്തിൽ നിന്നും പഠന നല്കിയ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മേശ , കസേര എ നൽകുന്നതിനാണ് പദ്ധതി നടപ്പാക്കിയത് .

13-ാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ ( ജി . ഒ ( എം.എസ് . 80/2017/ ത.സ്വ.ഭ.വ / 0.3.04.2017 ) പ്രകാരം പട്ടികജാതി/പട്ടിക വിദ്യാർത്ഥികൾ സ്റ്റീൽ/മരം എന്നിവയിൽ നിർമ്മിച്ച മേശ , കസേര എ വാങ്ങിച്ചു നൽകാവുന്നതാണ് ( ഖണ്ഡിക 11.8.4 കാണുക ) . സ്ക അധികൃതർ സാക്ഷ്യപ്പെടുത്തി നൽകുന്ന ലിസ്റ്റ് പ്രകാരം സ്ക അധികൃതർ മുഖേനയാണ് ഫർണ്ണീച്ചറുകൾ വിതരണം നടത്തേണ്ടത് .

ടെണ്ടർ നടപടികൾ കൂടാതെ കോഴിക്കോട് ആർട്ടി ഡവലപ്പ്മെന്റ് കോർപ്പറേഷനിൽ നിന്നും പഠനോപകരണ വാങ്ങിയിട്ടുണ്ട് . വിശദാംശം താഴെ കൊടുക്കുന്നു

| ക്രമ നം | ഇനം | എണ്ണം | വില (ഒന്ന |
|---|---|---|---|
| 1 | സ്റ്റീൽ ടേബിൾ<br>36 ഇഞ്ച് , 18 ഇഞ്ച് , 30 ഇഞ്ച് നോവപാൻ ടോപ്പ് | 17 | 3748 |
| 2 | പ്ലാസ്റ്റിക് കസേര കൈയ്യുള്ളത് | 17 | 767 |

1) 2017-18 വാർഷിക പദ്ധതിയിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ ഉദ്യോഗസ്ഥനായി 258/18-ാം നമ്പർ പദ്ധതിയായി എസ്.ടി വിദ്യാർത്ഥിക പഠനമുറി നിർമ്മിക്കുന്നതിന് 17 ലക്ഷം രൂപ വകയിരുത്തിയിട്ടു തൻവർഷം ഒരു പഠനമുറിയും പൂർത്തീകരിച്ചിട്ടില്ല . 2018-19 ലാ വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിച്ച് നൽകിയത് . നിലവിൽ പഠന നിർമ്മിച്ച് നൽകിയ എല്ലാവർക്കും പഠനോപകരണം വിതരണം ചെയ്തി ലഭിച്ചിട്ടില്ല . ഓഡിറ്റിന്റെ ഭാഗമായി 02.02.2019 ന് നടത സ്ഥലപരിശോധയിൽ 18-ാം വാർഡിൽ പഠനോപകരണം വിതരണം ഗിരീഷ് വി വേങ്ങണക്കൊല്ലി എന്നവർക്ക് പഠനമുറി നിർ നൽകിയിട്ടില്ല . 17-ാം വാർഡിലെ കയ്മ കൂളിപ്പൊയിൽ കോളനി എന്നവ പഠനമുറി നിർമ്മിച്ച് നൽകിയിട്ടുണ്ടെങ്കിലും പഠനോപക നൽകിയിട്ടില്ല . പഠനമുറികൾ നിർമ്മിച്ചു നല്കിയ 10 വിദ്യാർത്ഥിക മാത്രമാണ് ഫർണ്ണീച്ചറുകൾ വിതരണം വിതരണം നടത്തിയിട്ടുള്ളൂ വിദ്യാർത്ഥികൾക്ക് ഇതുവരെ പഠനമുറി നിർമ്മിച്ച് നൽകിയിട്ടില്ല .

2)മേൽ പട്ടികയിൽ സൂചിപ്പിച്ച തരത്തിൽ വാങ്ങിയതിൽ 15 കസേരu മേശയും മാത്രമാണ് വിതരണം ചെയ്തിരിക്കുന്നത് . 2 കസേര , 2 മേശ എu വിതരണം നടത്തിയിട്ടില്ല . അവശേഷിക്കുന്നവ പഞ്ചായത്തിലെ സ ഹാളിൽ സൂക്ഷിച്ചിരിക്കുകയാണ് .

3 ) സ്ക്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തി നൽകുന്ന ലിസ്റ്റ് പ്രu സ്ക്കൂൾ അധികൃതർ മുഖേനയാണ് ഫർണ്ണീച്ചറുകൾ വിതu നടത്തേണ്ടത് . സ്ക്കൂൾ അധികൃതർ സമർപ്പിച്ച ലിസ്റ്റോ , വിദ്യാർത്ഥി ഏതൊക്കെ ക്ലാസ്സുകളിലാണ്/ കോഴ്സുകൾക്കാണ് പഠിക്കുന്നതെന്നോ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല . ആയതിനാൽ തന്നെ അർഹത ഉള്ളവ തന്നെയാണോ പദ്ധതിയുടെ ആനുകൂല്യം ലഭിച്ചത് എന്ന് വ്യക്തമല്ല .

5)മറ്റ് വകുപ്പുകളിൽ നിന്നോ , ഏജൻസികളിൽ നിന്നോ ഇത്തരത്തില സഹായം ലഭിച്ചിട്ടില്ല എന്ന് ഉറപ്പു വരുത്തിയിട്ടില്ല .

6)മരം / സ്റ്റീൽ കസേരയാണ് വാങ്ങിച്ചു നൽകേണ്ടത് . നൽകിയിട്ടു കൈയ്യുള്ള പ്ലാസ്റ്റിക് കസേരകളാണ് .

അപാകതകൾക്ക് രേഖകൾ സഹിതം വിശദീകu നൽകാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി ( 15 /17-18/ 04.02.201 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല . അപാകതക വിശദീകരണം നൽകേണ്ടതാണ് . വിതരണം ചെയ്യാത്ത 2 ഫർണ്ണീച്ചറുക തുക ( 4515X2 =9030 ) 9030 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു .

## 3-3 വിനിയോഗ വിവരം നൽകിയിട്ടില്ല- 17,45,708 രൂപ തടസ്സപ്പെടുത്തുന്നു .

ചുവടെ വിവരിച്ചിട്ടുള്ള സെക്രട്ടറി നടപ്പാക്കിയ പദ്ധതികൾക്ക് തുക വി ഏജൻസികൾ/ വകുപ്പുകൾക്ക് നൽകിയിട്ടുണ്ടെങ്കിലും വിനിയോഗ വി ഹാജരാക്കിയിട്ടില്ല.

| ക്രമ നം | പ്രോജക്റ്റിന്റെ പേര് | അടങ്കൽ തുക | ചെലവ് | ബിൽ നം/ തിയ്യതി | തുക നൽകിയ ഏജൻസി |
|---|---|---|---|---|---|
| 1 | എസ്-302/18 സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 11,50,000 ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 11,49,438 | 32/17-18/28.03.18 | കെ.എസ്.ഇ.ബ |
| 2 | എസ്-303/18 വള്ളിയൂർക്കാവ് - കമ്മന റോഡിൽ സ്ട്രീറ്റ് ലൈറ്റ് മെയിൻ സ്ഥാപിക്കൽ | 6,50,000 ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 5,50,000 | 33/17-18/28.03.18 | കെ.എസ്.ഇ.ബ |
| 3 | എസ്-218/18 ഹോമിയോ ഡിസ്പെൻസറിക്ക് കുഴൽക്കിണർ | 1,00,000 തനത് ഫണ്ട് | 46,270 | 1790385/13/3/18 | കേരള വാട്ടർ അതോറിറ്റി |

| | | | | | |
|---|---|---|---|---|---|
| | | | 17,45,708 | | |

പ്രവൃത്തികളുടെ വിശദമായ എസ്റ്റിമേറ്റ് പ്രകാരമല്ല തുക കൈമാറിയിട്ടുള്ളത്. കെ.എസ്.ഇ.ബി യുടെ കത്ത് പ്രകാരം തുക ഒടുക നിർദ്ദേശിക്കുകയും ഇപ്രകാരം തുക കൈമാറുകയുമാണ് ചെയ്തിട്ടുള്ളത്. 05.0 ന് നടന്ന എക്സിറ്റ് മീറ്റിംഗിൽ ഈ വിവരം ഗ്രാമപഞ്ചായത്തി ശ്രദ്ധയിൽപ്പെടുത്തുകയും ആയതിന് ഈ പദ്ധതികൾ നാളിതു ആരംഭിച്ചിട്ടില്ല എന്ന വിവരം അറിയിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ പുരോ വിവരം അറിയിക്കേണ്ടതാണ്. വിനിയോഗ വിവരത്തിന്റെ അഭാവത്തിൽ ചെ തുക തടസ്സപ്പെടുത്തുന്നു.

## 3-4 ആയുർവ്വേദ മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതിയിലെ അപാകതകൾ

**<u>ആയുർവേദമരുന്നുകൾ ലഭ്യമാകാത്തത് സംബന്ധിച്ച്.</u>**

പദ്ധതിയുടെ പേര്:- ആയുർവേദ മരുന്നുകൾ വാങ്ങൽ, അടങ്കൽ:-7,00 (മെയിന്റെനൻസ് ഗ്രാന്റ് റോഡിതരം)

ചെലവ്:-7,00,000/-,ബിൽ നം:-1/17-18 dated 27/09/2017

നിർവ്വഹണ ഉദ്യോഗസ്ഥൻ:-മെഡിക്കൽ ഓഫീസർ ആയുർവേദം.

ആയുർവേദ മരുന്നുകൾ വാങ്ങാനായി 7,00,000/- രൂപ 27/09/17 തിയ്യതി ഔഷധിയിൽ നിക്ഷേപിച്ചു. ഇൻവോയ്സ് നം.90033382 dtd 13/09/17 പ്രക 6,70,677/-രൂപയുടെ മരുന്നു മാത്രമേ ലഭ്യമായിട്ടുള്ളൂ. 29,323/-രൂപയുടെ മ ഇനിയും ലഭ്യമായിട്ടില്ല. മരുന്ന് വാങ്ങുന്നതിന് തുക നൽകിയപ്പോൾ ത സർക്കുലർ നം 13160/ഡി എ-1/ത സ്വ ഭ വ 28/11/2010 പ്രകാരം ഔഷധിയുമ കരാർ വെച്ചിട്ടുണ്ട്.പ്രസ്തുത കരാറിൽ 60 ദിവസത്തിനുള്ളിൽ മരുന്ന് വിതരണം ചെയ്യാത്ത പക്ഷം നഷ്ട പരിഹാരം നൽകണം എന്ന വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. മരുന്നുകളുടെ ലഭ്യത വിവരം അറിയിക്കേണ ഔഷധിയിൽ നിന്നും മരുന്നുകൾ ലഭ്യമാകാനുള്ള കാലതാമസത്തിന് പരിഹാരം ഈടാക്കി അറിയിക്കേണ്ടതുമാണ്.ലഭ്യമാകാത്ത മരുന്നുക വിലയായ 29,323/-രൂപ തടസ്സത്തിൽ വെക്കുന്നു.

**<u>കാലാവധി കഴിയാറായ ആയുർവേദ മരുന്നുകൾ വാങ്ങിയതിന മരുന്നുകൾ പാഴായിപ്പോകുന്നു.</u>**

ഇൻവോയ്സ് നം.90033382 dtd 13/09/17 പ്രകാരം ഖദിര ഗുളിക ( ബാച്ചുകളിലായി 10 strip (10X10=100 എണ്ണം)വാങ്ങിയിട്ടുണ്ട്. (9.5 strip ( എക്സ്പെയറി-07/18, .5 strip ന്റെ എക്സ്പെയറി 04/19).മര ലഭ്യമായപ്പോൾ അതിൽ 95 ഗുളികയുടേയും എക്സ്പെയറി ( കഴിയാറായിരുന്നു. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം നിലവിൽ 1000 ഗുളിക സ്റ്റേ ഉണ്ട്.പുതിയതായി വാങ്ങിയ 10 strip ൽ 9 strip ന്റേയും എക്സ്പെയറി ( കഴിഞ്ഞതാണ്. നിലവിലുള്ള ഗുളികകളിൽ കാലാവധി ത

ഗുളികകളുടെ വിശദാംശം നൽകേണ്ടതാണെന്ന് കാണിച്ചുകൊണ്ട ഓഡിറ്റ് എൻകചയറിക്ക്(നം. 4/17-18,തീയ്യതി 31.01.2019) മറുപടിയായി പ്ര കാലയളവിലെ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും മറുപടി ലഭ്യമ അറിയിക്കുന്നതാണെന്ന് നിലവിലെ നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ച

ലഭ്യമാകാത്ത മരുന്ന് ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ട കാലാവധി കഴിഞ്ഞ മരുന്നുകൾ സംബന്ധിച്ച വിവര ലഭ്യമാക്കേണ്ടതുമാണ്.

## 3-5 ലൈഫ് ഭവന പദ്ധതി - ഓഡിറ്റ് നിരീക്ഷണങ്ങൾ

ലൈഫ് ഭവന പദ്ധതി- പൂർത്തീകരിക്കാത്ത വീടുക പൂർത്തീകരണത്തിനായി പദ്ധതി നടപ്പാക്കിയിട്ടുണ്ട്. പട്ടികവർഗ്ഗ പദ്ധതിയിൽപ്പെടുത്തി 10 ഗുണഭോക്താക്കൾക്കാണ് ഓഡിറ്റ് വർഷം നൽകിയിട്ടുള്ളത്. ഈ ഗുണഭോക്താക്കളുടെ വ്യക്തിഗത എസ്റ്റിമേറ്റുകൾ ഭരണ സമിതി അംഗീകരിച്ചിട്ടില്ല. മറ്റ് ഭവന പദ്ധതിക പൂർത്തീകരിക്കാൻ അവശേഷിക്കുന്ന ഭവനങ്ങൾക്കാണ് പ തയ്യാറാക്കിയിട്ടുള്ളതെങ്കിലും എല്ലാ ഭവനങ്ങളിലും മൺപണി മുതല എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. ഇത് സംബന്ധിച്ച് യാതൊരു തീരുമാനങ്ങളും പഞ്ചായത്ത് കർമ്മ സമിതി എടുത്തിട്ടില്ല. 09.05.18 ലെ നമ്പർ ഭരണ സമിതി തീരുമാനം പ്രകാരം 43 ഗുണഭോക്തക്ക ലിസ്റ്റിൻെറ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് അസി.എഞ്ചിനീയ എസ്റ്റിമേറ്റ് തയ്യാറാക്കാൻ ആവശ്യപ്പെടുകയും ഇതിന്റെ അടിസ്ഥാനത്ത എടുത്ത എസ്റ്റിമേറ്റിന് അംഗീകാരം നൽകുകയുമാണ് ചെയ്തിട്ടു പദ്ധതിയുടെ വിശദ വിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം | S-296/18 |
| പ്രോജക്ടിന്റെ പേര് | ലൈഫ് ഭവന പദ്ധതി- പൂർത്തീകരിക്കാത്ത വീടുകളുടെ പൂർത്തീകരണം |
| അടങ്കൽ | 36,24,250/- |
| ചെലവ് | 36,24,250/- |
| ബിൽ നം/ തിയ്യതി | 06/17-18/13.3.18 – 8,00,000/- |
| | 07/17-18/13.3.18 – 4,00,000/- |
| | 09/17-18/26.3.18 – 8,00,000/- |

| | |
|---|---|
| | 12/17-18/26.3.18 – 9,50,000/- |
| | 13/17-18/28.3.18 – 6,74,250/- |

ഇ.എം.എസ് ഭവന പദ്ധതിയിൽ ആനുകൂല്യം കൈപ്പറ്റി ലിന്റൽ വരെ പണിത വീടിന് ലൈഫ് പദ്ധതിയിൽ തറ പണി സഹിതം എസ്റ്റിമേറ്റ് തയ്യാറാക്കി തുക വിതരണം ചെയ്തിട്ടുണ്ട്. തുക നൽകിയതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ. നം | പേര് | എസ്റ്റിമേറ്റ് തുക | ലൈഫിൽ കൈപ്പറ്റിയ തുക | ഇ.എം.എസ് ഭവന പദ്ധതിയിൽ കൈപ്പറ്റിയ തുക/ തിയ്യതി | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 1 | ബാലചന്ദ്രൻ<br>പൂളക്കൽ കോളനി | 6,08,000 | 4,00,000 | 95,000<br>1)27.9.10- 15,000<br>2) 05.03.12-<br>40,000<br>3) 11.02.14-<br>40,000/- | പൂർത്തീകരണ പ്രവൃത്തികൾ ചെയ്യാൻ അവശേഷിക്കു |

